പോലീസ് എയിഡ്പോസ്റ്റ് സ്ഥാപിക്കണമെന്ന് ആവശ്യം

നടുവിലിൽ അശാന്തി വിതച്ച് രാഷ്ട്രീയ ക്രിമിനലുകളുടെ അഴിഞ്ഞാട്ടം

നടുവിൽ: നടുവിലിൽ മേഖലയിൽ തുടർക്കഥയായി മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ അക്രമങ്ങൾ നാടിന്റെ സമാധാന ജീവിതം താറുമാറാക്കുന്നു. കുറച്ചുദിവസമായി തുടർന്നുകൊണ്ടിരിക്കുന്ന സി.പി.എം- മുസ്ലിംലീഗ് സംഘർഷമാണ് നടുവിലിനെ അശാന്തിയുടെ നടുവിലേക്ക് തള്ളി വിട്ടിരിക്കുന്നത്. നടുവിലിന് പുറമെ വിളക്കണ്ണൂരും സംഘർഷ ഭൂമിയായി മാറിക്കഴിഞ്ഞു. പാർട്ടി ഓഫീസുകൾക്ക് നേരെയുള്ള അക്രമം, ബോംബേറ്, വാഹനങ്ങൾ തകർക്കൽ, കൂട്ടത്തല്ല് എന്നിങ്ങനെ ഒട്ടേറെ അക്രമങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിൽ അരങ്ങേറിയത്. ഇരുവിഭാഗത്തിലുമുള്ള ഒരു സംഘം ക്രിമിനലുകളാണ് അക്രമങ്ങൾക്ക് പിന്നിലെന്നാണ് പറയപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടികൾ പരസ്പരം കുറ്റപ്പെടുത്തലുകൾ നടത്തുന്നുണ്ടെങ്കിലും നേതൃത്വങ്ങൾ പറഞ്ഞാൽ പോലും കേൾക്കാത്ത വിധത്തിലേക്ക് ഒരു വിഭാഗം അണികൾ മാറിയതാണ് പല അക്രമ സംഭവങ്ങൾക്കും കാരണം. അക്രമങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നവരെ ഏത് വിധത്തിലും സംരക്ഷിക്കുന്നതിനായി നേതാക്കൾ നിലകൊള്ളുന്നതും ഇത്തരം സംഘങ്ങൾക്ക് പ്രചോദനമാവുകയാണ്. ഇതിനൊപ്പം പോലീസിന്റെ സാന്നിധ്യം പേരിന് മാത്രമാകുന്നതും സംഘർഷങ്ങൾ തുടർക്കഥയാക്കുകയാണ്. നടുവിൽ നിന്ന് ഏറെ ദൂരെയാണ് കുടിയാൻമല പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. ഇതുകൊണ്ട് തന്നെ പോലീസിന് പലപ്പോഴും വേണ്ട വിധത്തിലുള്ള ഇടപെടലുകൾ നടത്താൻ കഴിയുന്നില്ല. സി.ഐ ഓഫീസ് സ്ഥിതി ചെയ്യുന്നത് നടുവിൽ നിന്ന് വിദൂരത്തുള്ള ആലക്കോടാണ്. കാലങ്ങളായി രാഷ്ട്രീയ സംഘർഷങ്ങൾ പതിവായിട്ടും നടുവിൽ ടൗൺ കേന്ദ്രീകരിച്ച് ഒരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിന് അധികൃതർ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. സംഘർഷങ്ങൾ ഉണ്ടാകുമ്പോൾ മാത്രമുണ്ടാകുന്ന പോലീസ് സാന്നിധ്യം പിന്നീട് അടുത്ത സംഘർഷ സമയത്ത് മാത്രമാണത്രെ ഉണ്ടാകുന്നത്. ഇനിയെങ്കിലും സ്ഥിരമായുള്ള പോലീസ് എയിഡ് പോസ്റ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

കുടുംബത്തിന്റെ സ്നേഹം അളക്കാനാണ് ചരമവാർത്തയും പരസ്യവും നൽകിയതെന്ന്

സ്വന്തം ചരമപരസ്യവും വാർത്തയും പത്രങ്ങളിൽ പ്രസിദ്ധീകരിപ്പിച്ച ശേഷം തളിപ്പറമ്പുകാരൻ ലോഡ്ജിൽ നിന്ന് മുങ്ങി

തളിപ്പറമ്പ: സ്വന്തം ചരമവാർത്തയും പരസ്യവും നൽകി ജോസഫ് മുങ്ങിയത് വീട്ടുകാരുടെ സ്നേഹത്തിന്റെ അളവ് അറിയാൻ. വീട്ടുകാർക്ക് തന്നോടുള്ള സ്നേഹം കുറഞ്ഞുവരുന്നതായി കുറച്ചുകാലമായി ജോസഫിന് തോന്നാറുണ്ടത്രെ. ഇതുകൂടാതെ ആരോഗ്യപ്രശ്നങ്ങളുമുണ്ട്. ചെവിക്ക് പിറകിൽ ഒരു മുഴ ട്യൂമറാണെന്ന സംശയവും ജോസഫിനുണ്ടായിരുന്നു. ഇതേതുടർന്നാണ് വാർത്തയും പരസ്യവും നൽകി ജോസഫ് സ്ഥലം വിട്ടത്. വാർത്തയും പരസ്യവും തന്റെ ഭാര്യക്കും മക്കൾക്കും സങ്കടമുണ്ടാക്കിയോയെന്ന് ജോസഫ് രഹസ്യമായി അന്വേഷിച്ചിരുന്നു. ഭാര്യക്ക് സങ്കടമുണ്ടെന്ന് കണ്ടതോടെയാണ് സ്വർണ്ണാഭരണവും പണവും എ.ടി.എം കാർഡുമൊക്കെ അവർക്ക് എത്തിക്കാൻ കോട്ടയത്തെ ബാങ്കിനെ സമീപിച്ചത്. അതാണ് ജോസഫിനെ കണ്ടെത്താൻ വഴിയൊരുക്കിയതും. ഇന്ന് രാവിലെ തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി.വേണുഗോപാൽ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലുള്ള ജോസഫുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ, ആസൂത്രിതമായി ചെയ്തതാണെന്നും പണി പാളിയെന്നുമാണ് പ്രതികരിച്ചത്. പയ്യന്നൂരിൽ നിന്ന് നേരെ കടുത്തുരുത്തിയിലേക്കാണ് ജോസഫ് പോയത്. അവിടെ നിന്ന് മംഗലാപുരം ഉഡുപ്പിയിലെത്തി. ഉഡുപ്പിയിൽ നിന്ന് കോട്ടയത്തേക്ക് മടങ്ങുകയായിരുന്നു. യാത്രയെല്ലാം രാത്രികാലങ്ങളിൽ തീവണ്ടികളിലായിരുന്നു. രണ്ടുലക്ഷം രൂപയോളം ജോസഫിന്റെ കൈവശമുണ്ടായിരുന്നു.

ജോസഫിനെ കോട്ടയത്ത് വൈദ്യപരിശോധനക്ക് വിധേയനാക്കി തളിപ്പറമ്പിൽ എത്തിച്ച ശേഷം അദ്ദേഹത്തെ മജിസ്ട്രേട്ട് മുമ്പാകെ ഹാജരാക്കും.

ചരമം

ജോസഫ്

പയ്യാവൂർ: ആദ്യകാല കുടിയേറ്റ കർഷകനായ അലക്സ് നഗറിലെ കുഴിക്കാട്ട് കെ.സി.ജോസഫ് (83) നിര്യാതനായി. ഭാര്യ: ഏലിക്കുട്ടി, പുളിപ്പിക്കനാട്ട് കുടുംബാംഗം. മക്കൾ: മോളി, ജോയി, ഷാജി, ഷൈബി. മരുമക്കൾ: ജോർജ്, ലൈസ, മേരി, ബേബി, ജോസ്. സംസ്കാരം വ്യാഴാഴ്ച രാവിലെ 9 മണിക്ക് അലക്സ് നഗർ സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ.

അന്നമ്മ

ആലക്കോട്: ആദ്യകാല കുടിയേറ്റ കർഷകൻ പരേതനായ പുല്ലൻകുന്നേൽ ലൂക്കായുടെ ഭാര്യ അന്നമ്മ (77) നിര്യാതയായി. മക്കൾ: മത്തായി, ബാബു, റെജി, ജോഷി, സുനിൽ, ഷൈനി. മരുമക്കൾ: വത്സമ്മ, സാലി, ഷാബി, ബോബൻ. സംസ്കാരം നാളെ ഉച്ചക്ക് മൂന്ന് മണിക്ക് വായാട്ടുപറമ്പ സെന്റ് ജോസഫ്സ് പള്ളിയിൽ.

നടുവിൽ ഇന്നും കടകൾ അടഞ്ഞു കിടക്കുന്നു; വ്യാപാരികൾ പ്രതിഷേധ യോഗം ചേർന്നു

നടുവിൽ: മുസ്ലിംലീഗ്-സി.പി.എം സംഘർഷത്തെ തുടർന്ന് നടുവിലിൽ തുടർച്ചയായ മൂന്നാം ദിവസവും കടകൾ അടഞ്ഞു കിടക്കുന്നു. ഞായറാഴ്ച മുതൽ ആരംഭിച്ച സംഘർഷത്തിന്റെ തുടർച്ചയായി തുറന്നിരുന്ന പല കടകളും അന്ന് അടച്ചിരുന്നു. ഇന്നലെ എൽ.ഡി.എഫ്-യു.ഡി.എഫ് ഹർത്താലിനെ തുടർന്ന് മുഴുവൻ കടകളും സ്ഥാപനങ്ങളും തുറന്നിരുന്നു. ഇന്ന് രാവിലെ കടകൾ തുറന്നിരുന്നുവെങ്കിലും 9 മണിയോടെ ഉടലെടുത്ത സംഘർഷത്തിന്റെ തുടർച്ചയായി ഒരു വിഭാഗം ചേർന്ന് തുറന്ന കടകൾ അടപ്പിക്കുകയായിരുന്നു. സി.പി.എമ്മുകാരാണ് കടകൾ അടപ്പിച്ചതെന്നാണ് വ്യാപാരികൾ പറയുന്നത്. എന്നാൽ സി.പി.എം ഇത് നിഷേധിച്ചു. സംഘർഷം ഭയന്ന് വ്യാപാരികൾ സ്വമേധയാ കടകൾ അടയ്ക്കുകയായിരുന്നുവെന്നാണ് സി.പി.എം നിലപാട്. അതേസമയം സംഭവത്തിൽ പ്രതിഷേധിച്ച് വ്യാപാരികൾ പ്രതിഷേധ യോഗം ചേർന്നുകൊണ്ടിരിക്കുകയാണ്.

തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ചേർന്ന രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽ ഡി.വൈ.എസ്.പി കെ.വി.വേണുഗോപാൽ സംസാരിക്കുന്നു

തളിപ്പറമ്പിന് ചുറ്റും അസ്വസ്ഥത പടരുന്നതിനിടെ ഡി.വൈ.എസ്.പി സമാധാന യോഗം വിളിച്ചു

തളിപ്പറമ്പ: തളിപ്പറമ്പ കാര്യാമ്പലം, ചെനയന്നൂർ, പാലകുളങ്ങര തുടങ്ങിയ സ്ഥലങ്ങളിൽ രാഷ്ട്രീയ സംഘർഷ സാധ്യതയുണ്ടെന്ന രഹസ്യാന്വേഷണ വിഭാഗത്തിന്റെ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ ഡി.വൈ.എസ്.പി കെ.വി.വേണുഗോപാൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർത്തു.

നഗരത്തിന്റെ ചുറ്റും ഗ്രാമങ്ങളിലും റോഡിലും ഇലക്ട്രിക് പോസ്റ്റിലും ചുമരുകളിലും പ്രകോപനപരമായ മുദ്രാവാക്യങ്ങൾ എഴുതാൻ രാഷ്ട്രീയ പാർട്ടികൾ മത്സരിക്കുകയാണ്. ആരാധനാലയങ്ങൾക്ക് സമീപവും ഇത്തരത്തിലുള്ള മുദ്രാവാക്യങ്ങളും പാർട്ടി ചിഹ്നങ്ങളും എഴുതിവെച്ചതാണ് സംഘർഷം രൂപപ്പെടാൻ കാരണമാകുന്നതെന്നും ഇതിൽ നിന്നും എല്ലാ രാഷ്ട്രീയ പാർട്ടികളും പിന്തിരിയണമെന്നും ഡി.വൈ.എസ്.പി ആവശ്യപ്പെട്ടു. കാര്യാമ്പലത്ത് ഇന്നലെ രാത്രി ആളുകൾ സംഘടിച്ചെന്ന വിവരം ലഭിച്ചിരുന്നതിനെ തുടർന്ന് രാത്രി 12 മണിക്ക് സി.ഐ പി.കെ.സുധാകരന്റെയും എസ്.ഐ ബിനുമോഹന്റെയും നേതൃത്വത്തിലുള്ള പോലീസ് എത്തിയാണ് ഇവരെ പിന്തിരിപ്പിച്ചത്. സാമൂഹ്യ വിരുദ്ധർ സംഘർഷം ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് രാഷ്ട്രീയ പാർട്ടികൾ തിരിച്ചറിയണമെന്നും സി.ഐ യോഗത്തിൽ ആവശ്യപ്പെട്ടു. പ്രിൻസിപ്പൽ എസ്.ഐ ബിനുമോഹനൻ, ടി.ബാലകൃഷ്ണൻ, എം.രാജഗോപാലൻ (സി.പി.എം), പി.വി.അബ്ദുൾഷുക്കൂർ, സമദ് കടമ്പേരി (മുസ്ലിംലീഗ്), പി.കുഞ്ഞിരാമൻ മാസ്റ്റർ, സത്യരാജ് (ബി.ജെ.പി) തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ജിഷ്ണു കേസിൽ സി.ബി.ഐ അന്വേഷണത്തിന് സുപ്രീംകോടതി ഉത്തരവ്

ന്യൂഡൽഹി: ജിഷ്ണു പ്രണോയ് കേസ് സി.ബി.ഐ അന്വേഷിക്കണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. ജോലി ഭാരമുള്ളതിനാൽ കേസ് ഏറ്റെടുക്കാൻ കഴിയില്ലെന്ന് നേരത്തെ സി.ബി.ഐ അറിയിച്ചിരുന്നു. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അഭിപ്രായം കോടതി ആരാഞ്ഞു. സി.ബി.ഐ അന്വേഷണത്തിന് കേന്ദ്രം സമ്മതം അറിയിച്ചതോടെയാണ് കോടതി കേസ് തീർപ്പാക്കിയത്. സി.ബി.ഐ അന്വേഷണമാവശ്യപ്പെട്ട് ജിഷ്ണു പ്രണോയിയുടെ പിതാവ് അശോകൻ സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു. നേരത്തെ സംസ്ഥാന സർക്കാർ അന്വേഷണം സി.ബി.ഐക്ക് വിട്ടുകൊണ്ട് ഉത്തരവിറക്കിയിരുന്നു. കേസ് അന്വേഷണത്തിലെ അലംഭാവം തെളിവുകൾ നശിക്കാനിടയാക്കിയിട്ടുണ്ടെന്ന് കോടതി നിരീക്ഷിച്ചു. പ്രതികളുടെ ജാമ്യം റദ്ദാക്കാൻ സി.ബി.ഐക്ക് ഹൈക്കോടതിയെ സമീപിക്കാവുന്നതാണെന്ന് കോടതി ഉത്തരവിൽ പറഞ്ഞു. 2016 ജനുവരി ആറിനാണ് പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന വളയം പൂവംവയലിലെ ജിഷ്ണു പ്രണോയിയെ കോളേജിലെ കുളിമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടത്. അന്വേഷണം അട്ടിമറിക്കുന്നുവെന്നാരോപിച്ച് വൻ പ്രക്ഷോഭമായിരുന്നു കേരളത്തിൽ നടന്നത്.

നിയന്ത്രണം വിട്ട ബസ് ബൈക്കും മതിലും തകർത്തു

തളിപ്പറമ്പ: സയ്യിദ് നഗറിൽ ബൈക്കിന് പിന്നിൽ നിയന്ത്രണം വിട്ട ബസിടിച്ച് അപകടം. തേർത്തല്ലിയിൽ നിന്ന് തളിപ്പറമ്പിലേക്ക് വരികയായിരുന്ന കെ.എൽ 58 എഫ് 6939 എസ്.പി ഡീലക്സ് ബസാണ് സയ്യിദ് നഗർ ടാഗോർ സ്കൂളിന് സമീപം നിർത്തിയിട്ട ബൈക്കിന് പിന്നിലിടിച്ച ശേഷം സമീപത്തെ മതിലിൽ ഇടിച്ച് നിന്നത്. ആർക്കും പരിക്കില്ല.

ഇന്ന് ഉച്ചയോടെ തളിപ്പറമ്പ് സയ്യിദ് നഗറിൽ ബസ് ബൈക്കും മതിലും ഇടിച്ച് തകർത്തപ്പോൾ

കർണ്ണാടകയിൽ ബസ് അപകടത്തിൽ കാസർക്കോട്ടെ യുവതി മരിച്ചു

കാസർക്കോട്: കർണ്ണാടക ഹാസന് സമീപം ആലൂരിൽ കെ.എസ്.ആർ.ടി.സിയുടെ വോൾവോ ബസും എതിരെ വന്ന സ്വകാര്യ ലക്ഷ്വറി ബസും കൂട്ടിയിടിച്ച് യുവതി മരിച്ചു. ചെങ്കള പഞ്ചായത്ത് മെമ്പർ അബ്ദുൾസലാമിന്റെ മകൾ ഫാത്തിമത്ത് സുനൈറ (25) ആണ് മരണമടഞ്ഞത്. ഇന്ന് പുലർച്ചെ മൂന്ന് മണിയോടെയായിരുന്നു അപകടം.

ബംഗ്ളൂരുവിൽ ടാറ്റ കമ്പനിയിൽ ജോലി ചെയ്യുകയാണ് സുനൈറ. മാർച്ച് നാലിന് സുനൈറയുടെ വിവാഹം നടത്താൻ നിശ്ചയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട ആവശ്യത്തിന് കഴിഞ്ഞ ദിവസം വീട്ടിലെത്തിയ സുനൈറ ബംഗ്ളൂരുവിലേക്ക് കെ.എസ്.ആർ.ടി.സി ബസിൽ മടങ്ങി പോവുകയായിരുന്നു. പിതാവ് അബ്ദുൾസലാമും ഒപ്പമുണ്ടായിരുന്നു. അപകടത്തിൽ അബ്ദുൾസലാം ഉൾപ്പെടെ 25 ഓളം യാത്രക്കാർക്ക് പരിക്കേറ്റിട്ടുണ്ട്. സുനൈറ ഉൾപ്പെടെ ആറുപേർ മരണമടഞ്ഞു. മരിച്ച രണ്ടുപേരെ തിരിച്ചറിഞ്ഞിട്ടില്ല. മറ്റുള്ളവർ കർണ്ണാടക സ്വദേശികളാണ്.

നാസിയയാണ് സുനൈറയുടെ മാതാവ്. സാബിക്, സയാബ്, സഹൽ, സംല സഹോദരങ്ങൾ.

സ്റ്റൗ പൊട്ടിത്തെറിച്ച് യുവതിക്ക് ഗുരുതരം

കണ്ണൂർ: സ്റ്റൗ പൊട്ടിത്തെറിച്ച് ഗുരുതരമായി പൊള്ളലേറ്റ യുവതിയെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തോട്ടട മുത്തപ്പൻ കാർട്ടേഴ്സിൽ താമസിക്കുന്ന ബംഗാൾ സ്വദേശി തപയുടെ ഭാര്യ ലോലിതദാസ് (18)നാണ് പൊള്ളലേറ്റത്. ഇന്നലെ രാത്രി എട്ട് മണിയോടെ താമസസ്ഥലത്തായിരുന്നു അപകടം. സ്റ്റൗവിൽ മണ്ണെണ്ണക്ക് പകരം പെട്രോൾ ആണ് ഒഴിച്ചത്. ഇതാണ് അപകടത്തിന് കാരണമെന്ന് സംശയിക്കുന്നു. 90 ശതമാനം പൊള്ളലേറ്റ യുവതിയുടെ നില അതീവ ഗുരുതരമാണ്.

ഓഖി: ഒരു മലയാളി കൂടി മരിച്ചു

തിരുവനന്തപുരം: 'ഓഖി' ചുഴലിക്കാറ്റിൽ ഒരു മരണം കൂടി. പൂല്ലുവിള സ്വദേശി രതീഷ് ആണ് ഇന്ന് പുലർച്ചെ മരണമടഞ്ഞത്. രണ്ടുദിവസം മുമ്പ് കടലിൽ നിന്ന് രക്ഷപ്പെടുത്തിയ രതീഷ് മെഡി. കോളേജാശുപത്രിയിൽ ചികിത്സയിലായിരുന്നു. ആന്തരികാവയവങ്ങൾക്ക് പരിക്കേറ്റിരുന്നു. രതീഷിന്റെ മരണത്തോടെ സംസ്ഥാനത്ത് 'ഓഖി' ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 32 ആയി.

മത്സ്യബന്ധന ബോട്ട് ഏഴിമലയിൽ കടലിൽപെട്ടു

കണ്ണൂർ: പൊന്നാനിയിൽ നിന്ന് മത്സ്യബന്ധനത്തിന് പുറപ്പെട്ട 11 മത്സ്യത്തൊഴിലാളികൾ സഞ്ചരിച്ച ബോട്ട് കടലിൽപ്പെട്ടു. ഏഴിമല നാവിക അക്കാദമി പരിസരത്ത് പ്രക്ഷുബ്ധമായ കടലിൽ ബോട്ട് അകപ്പെട്ടതായാണ് വിവരം. ഫിഷറീസ് അധികൃതർ സൂചന നൽകിയതിനെ തുടർന്ന് അഴീക്കൽ കോസ്റ്റൽ പോലീസ് തിരച്ചിലിനായി പുറപ്പെട്ടെങ്കിലും പ്രതികൂല സാഹചര്യം മൂലം അഴിമുഖത്ത് നിന്ന് ഇവർക്ക് തിരിച്ച് മടങ്ങേണ്ടി വന്നു. കടൽ പ്രക്ഷുബ്ധമാണ്. കണ്ണൂരിൽ നിന്നുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ബോട്ട് കടലിൽ രക്ഷാപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആശങ്കപ്പെടേണ്ടതില്ലെന്നും 11 തൊഴിലാളികളും സുരക്ഷിതരാണെന്നുമാണ് ഇവർ പറയുന്നത്. എപ്പോഴാണ് പൊന്നാനിയിൽ നിന്ന് മത്സ്യബന്ധനബോട്ട് പുറപ്പെട്ടതെന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല.

ഊമപ്പെണ്ണിന് മറ്റൊരു ഉരിയാടാ പയ്യൻ മതി

കണ്ണൂർ: പ്രേമത്തിന് കണ്ണും കാതും മാത്രമല്ല നാവും വേണ്ടെന്ന് തെളിയിക്കുന്ന സംഭവം കണ്ണൂരിൽ ഉണ്ടായി. തിരുവനന്തപുരം നേമത്തെ ഉരിയാടാ പയ്യന്റെ ഭാര്യയായ ഊമപ്പെണ്ണാണ് ഭർത്താവിനെ ഉപേക്ഷിച്ച് കാമുകനായ ഊമ യുവാവിനെ തേടി കണ്ണൂരിലെത്തിയത്. രണ്ട് കുട്ടികളുടെ മാതാവായ യുവതി കണ്ണൂർ തളാപ്പ് എ.കെ.ജി ആശുപത്രിക്ക് സമീപം താമസിക്കുന്ന ഒരു ഊമ യുവാവുമായി മൊബൈൽ ഫോൺ വഴിയാണ് ബന്ധപ്പെട്ടത്. മൊബൈൽ ഫോണിൽ ചാറ്റിംഗ് തുടങ്ങിയ ഇരുവരും പിന്നീട് വീഡിയോ സംവിധാനത്തിലൂടെ ആംഗ്യഭാഷയിലൂടെ ഹൃദയം കൈമാറുകയായിരുന്നു. അങ്ങനെ കഴിഞ്ഞ ദിവസം നേമത്ത് നിന്ന് യുവതി യുവാവിനെ തേടി കണ്ണൂരിലെത്തി. ഭർത്താവ് നേമം പോലീസിൽ ഭാര്യയെ കാണാതായത് സംബന്ധിച്ച് പരാതി നൽകി. ഇതേ തുടർന്ന് നേമം പോലീസ് കണ്ണൂരിൽ വന്ന യുവതിയെ കസ്റ്റഡിയിലെടുത്ത് തിരുവനന്തപുരത്തേക്ക് കൊണ്ടുപോയി.

ജില്ലാശുപത്രി ഗൈനക് ഒ.പിയുടെ സീലിങ്ങ് അടർന്നുവീണു

കണ്ണൂർ: ജില്ലാശുപത്രിയിലെ ഗൈനക്കോളജി ഒ.പിയുടെ സീലിങ്ങ് അടർന്നുവീണു. ഇന്നലെ വൈകുന്നേരം ഒ.പി മുറി അടച്ചുപൂട്ടിയതായിരുന്നു. ഇന്ന് രാവിലെ 7.30ന് മുറി തുറന്നപ്പോഴാണ് സീലിങ്ങ് അടർന്നുവീണ നിലയിൽ കണ്ടത്. കാലപഴക്കമാണ് അപകട കാരണമെന്ന് കരുതുന്നു.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2730
പവന് :21840
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

തളിപ്പറമ്പിൽ പുതിയതായി പ്രവർത്തനമാരംഭിക്കുന്ന
ഓറഞ്ച് ഹൈപ്പർ മാർക്കറ്റിലേക്ക്
സ്റ്റാഫിനെ ആവശ്യമുണ്ട്
മാനേജർ (1nos)
ഫ്ളോർ മാനേജർ (2nos)
സെയിൽസ് സ്റ്റാഫ് (20nos)
പാക്കിംഗ് (3nos)
ചീഫ് അക്കൗണ്ടന്റ് (1nos)
അസി: അക്കൗണ്ടന്റ് (4nos)
ഡ്രൈവർ / സപ്ലൈ (2nos)
കസ്റ്റമർ കെയർ (1nos)
ഡാറ്റ എൻട്രി (5nos)
ബില്ലിംഗ് (8nos)
ഡെലിവറി ബോയ്സ് (5nos)
സ്റ്റോർ കീപ്പർ (2nos)
ക്ലീനിംഗ് സ്റ്റാഫ് (4nos)
താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റയുമായി 15/12/2017 മുൻപായി ചിറവക്കിലുള്ള മൊട്ടമ്മൽ ഷോപ്പിംഗ് മാളിലെ ഓഫിസുമായി ബന്ധപ്പെടുക. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്
tpbaorange@gmail.com

സ്കോളർഷിപ്പോടെ ബ്യൂട്ടീഷൻ കോഴ്സ്
തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന "ദേശീയ തൊഴിൽ വിദ്യാകേന്ദ്രം" വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന്റെ ഭാഗമായി 30% സ്കോളർഷിപ്പോടെ പരിചയസമ്പന്നരായ അധ്യാപകരുടെ നേതൃത്വത്തിൽ ഗവ. അംഗീകൃത സർട്ടിഫിക്കറ്റോടെ ബ്യൂട്ടീഷൻ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 10ന് മുമ്പ് പേര്, സ്ഥലം 9037275726 എന്ന നമ്പറിലേക്ക് SMS അയക്കുക. അല്ലെങ്കിൽ നേരിട്ട് രജിസ്റ്റർ ചെയ്യുക
മറ്റ് കോഴ്സുകൾ
• ADFD- Advanced Diploma in Fashion Designing
• DGD- Diploma in Garments Designing
• CCW- Certificate in Craft works
• തയ്യൽ പരിശീലനം
തളിപ്പറമ്പ് സ്റ്റഡി സെന്റർ
foresight
INSTITUTE OF FASHION TECHNOLOGY
സഹോദരസ്ഥാപനം
മഹാത്മ കമ്പ്യൂട്ടേർസ്
മഹാത്മ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460 2201428, 9847504182

തളിപ്പറമ്പ മെയിൻറോഡിലെ അനധികൃത പാർക്കിംഗ് കീറാമുട്ടിയായി

പോലീസുമില്ല, ഉള്ള ട്രാഫിക് ജീപ്പും പിൻവലിച്ചു

തളിപ്പറമ്പ: മെയിൻറോഡിൽ യാതൊരു തത്വദീക്ഷയുമില്ലാതെ വാഹനങ്ങൾ നിർത്തിയിടുന്നത് കീറാമുട്ടിയാകുന്നു. പ്രശ്നം അടിയന്തരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ഫ്രൂട്ട് മർച്ചന്റ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി കെ.പി. അഷ്റഫ് പൊതുമരാമത്ത് മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ അധികൃതർ പരിശോധനക്കെത്തി.

തളിപ്പറമ്പ മെയിൻ റോഡിൽ കിഴക്കുഭാഗത്ത് ന്യൂസ് കോർണർ ജങ്ഷൻ മുതൽ മൂത്തേടത്ത് ഹൈസ്കൂൾ വരെയും കേന്ദ്രീയ മുതൽ കപ്പാലം വരെയും ഇരുചക്രവാഹനങ്ങളും മറ്റ് വാഹനങ്ങളും അനധികൃതമായി നിർത്തിയിടുന്നത് കാരണം വഴിയാത്രക്കാരും കടകളിലെത്തുന്നവരും ഏറെ പ്രയാസപ്പെടുകയാണ്. കടയിലേക്ക് ഒരാൾക്ക് നടന്ന് പോകാൻ പോലും പറ്റാത്ത രീതിയിലാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്. തളിപ്പറമ്പ നഗരത്തിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് പോലീസ് ഇല്ലാത്തതും പ്രശ്നമായിട്ടുണ്ട്. ഒരു പ്രിൻസിപ്പൽ എസ്.ഐയും അഞ്ച് അഡീ. എസ്.ഐമാരും ഉണ്ടായിരുന്ന തളിപ്പറമ്പ പോലീസ് സ്റ്റേഷനിൽ ഇപ്പോൾ ഒരു പ്രിൻസിപ്പൽ എസ്.ഐ മാത്രമാണുള്ളത്. തളിപ്പറമ്പിൽ ട്രാഫിക് യൂനിറ്റ് അനുവദിച്ചെന്ന പ്രഖ്യാപനം ഉണ്ടായെങ്കിലും അതെല്ലാം വെള്ളത്തിൽ വരച്ച രേഖപോലെയായിരിക്കുകയാണ്. ഏതാനും മാസം മുമ്പ് വരെ തളിപ്പറമ്പിൽ ട്രാഫിക്കിന് എസ്.ഐയും വാഹനവും ഡ്രൈവറുമുണ്ടായിരുന്നു. എന്നാൽ ഇവരെയെല്ലാം തിരികെ വിളിച്ചിരിക്കുകയാണ്. ട്രാഫിക്ക് നിയന്ത്രിക്കാൻ ആകെയുണ്ടായിരുന്ന ജീപ്പും കഴിഞ്ഞ ദിവസം കണ്ണൂർ എ.ആർ. ക്യാമ്പിലേക്ക് കൊണ്ടുപോയിരിക്കുകയാണ്. മെയിൻ റോഡിലെ അനധികൃത പാർക്കിംഗ് നിയന്ത്രിക്കാൻ താൽക്കാലികമായി കോണുകൾ സ്ഥാപിക്കുമെന്ന് സ്ഥലം സന്ദർശിച്ച പൊതുമരാമത്ത് അസി. എക്സി. എഞ്ചിനീയർ സി. ദേവേഷ് പറഞ്ഞു. പരിശോധനാ റിപ്പോർട്ട് ട്രാഫിക് റഗുലേറ്ററി കമ്മിറ്റിക്ക് സമർപ്പിച്ച് അനുമതി ലഭിച്ചാൽ ഉടൻ പോലീസിന്റെയും നഗരസഭയുടെയും സഹായത്തോടെ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. മൂത്തേടത്ത് ഹൈസ്കൂൾ മുതൽ കപ്പാലം വരെ 850 മീറ്റർ റോഡ് മെക്കാഡം ടാറിംഗ് നടത്തുന്നതിനും ഫുട്പാത്ത് ടൈൽസ് പതിക്കുന്നതിനും ഒരു ഭാഗം കൈവരി സ്ഥാപിക്കുന്നതിനും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 43 RNI Reg.No.KER MAL/2007/22043